## പതിനാലാം കേരള നിയമസഭ
## പത്തൊൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.909** **04.03.2020-ൽ മറുപടിക്ക്**

## പാരാമെഡിക്കൽ സ്റ്റാഫുകളുടെ മിനിമം വേതനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.സജി ചെറിയാൻ : | ശ്രീ. ടി. പി. രാമകൃഷ്ണൻ<br>തൊഴിലും എക് സൈസും വകുപ്പ് മന്ത്രി |
| (എ) സ്വകാര്യ ആശുപത്രികളിലെ പാരാമെഡിക്കൽ സ്റ്റാഫുകൾക്ക് മിനിമം വേതനം ഉറപ്പുവരുത്തുന്നതിന് സർക്കാർ പുറപ്പെടുവിച്ച ഉത്തരവുകൾ പ്രായോഗിക തലത്തിൽ നടപ്പിലാക്കുന്നുണ്ടോയെന്ന് വകുപ്പ് തലത്തിൽ പരിശോധിക്കുന്നുണ്ടോ; വിശദമാക്കാമോ; | (എ) സ്വകാര്യ ആശുപത്രികളിലെ പാരാമെഡിക്കൽ സ്റ്റാഫുകൾക്ക് മിനിമം വേതനം ഉറപ്പുവരുത്തുന്നതിന് സർക്കാർ പുറപ്പെടുവിച്ച ഉത്തരവുകൾ നടപ്പിലാക്കുന്നതിന് വകുപ്പ് തലത്തിൽ പരിശോധനകൾ നടത്താറുണ്ട്. 23/04/2018-ലെ ജി.ഒ.(പി)33/18/ എൽ.ബി.ആർ. ഉത്തരവ് പ്രകാരം സ്വകാര്യ ആശുപത്രികളിലെ നഴ്സുമാരുടെയും മറ്റ് ജീവനക്കാരുടെയും മിനിമം വേതനം പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ WP(C)No. 23406/18, W.P.(C)No.25524/2018 എന്നീ കേസുകളിൽ വിജ്ഞാപനത്തിന് സ്റ്റേയും W.P.(C)No.25109/2018 അടക്കം 10 കേസുകളിൽ മിനിമം വേതനം നൽകാത്ത സ്ഥാപനങ്ങൾക്കെതിരെ coercive step എടുക്കരുതെന്നും ബഹു.ഹൈക്കോടതി ഉത്തരവായിട്ടുള്ള സാഹചര്യത്തിൽ ഹോസ്പിറ്റൽ ഇൻസ്പെക്ഷനിൽ തുടർ നടപടികൾ സ്വീകരിക്കാൻ കഴിഞ്ഞിട്ടില്ല. സ്റ്റേ ഒഴിവാക്കി നിശ്ചയിച്ചിട്ടുള്ള വേതനം ഉറപ്പുവരുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) ഇതു സംബന്ധിച്ച എത്ര പരാതികൾ നടപ്പുവർഷം ലഭിച്ചുവെന്ന് അറിയിക്കാമോ? | (ബി) ചെങ്ങന്നൂരിലെ സെഞ്ചുറി ഹോസ്പിറ്റൽ, സഞ്ജീവനി ഹോസ്പിറ്റൽ എന്നിവിടങ്ങളിൽ ബോണസ്, ശമ്പള കുടിശ്ശിക എന്നീ വിഷയങ്ങളിൽ പരാതി ലഭിക്കുകയും ചർച്ചകൾ നടന്നുവരുകയും ചെയ്യുന്നു. എക്സ്റേ ഹോസ്പിറ്റൽ, ചേർത്തല, കായംകുളം എബനേസർ ഹോസ്പിറ്റൽ എന്നിവിടങ്ങളിൽ പുതുക്കിയ മിനിമം വേതനം ലഭിക്കുന്നില്ലായെന്ന പരാതികളും ലഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.